"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - എറണാകളം ജില്ലയിൽ കൊച്ചി താലൂക്കിൽ ഫോർട്ട് കൊച്ചി വില്ലേജിൽ സർവ്വെ നം.8-ൽ പാർട്ട് 1174, 1175 എന്നിവയിൽപ്പെട്ട 1.29 ഏക്കർ സർക്കാർ ഭൂമിയും അതിൽ സ്ഥിതി ചെയ്യുന്ന ആസ്പിൻവാൾ കെട്ടിടവും കൊച്ചി മുസിരിസ് ബിനാലെയുടെ ആറാമത് എഡിഷൻ നടത്തുന്നതിലേയ്ക്കായി കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷന് പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

G.O.(Ms) No.332/2025/RD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-

1. 08.06.2018 ലെ സ.ഉ(കൈ) 216/2018/റവ നമ്പർ ഉത്തരവ്
2. 18.10.2022 ലെ സ.ഉ(കൈ) നം.243/2022/റവ നമ്പർ ഉത്തരവ്.
3. കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13.06.2025 ലെ അപേക്ഷ.
4. എറണാകുളം ജില്ലാ കളക്ടറുടെ 14.10.2025 ലെ DCEKM/7369/2024-L9 നമ്പർ കത്ത്.
5. ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.11.2025 ലെ LR/5470/2023-LR(J7) നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിൽ, ഫോർട്ട് കൊച്ചി താലൂക്കിൽ, ഫോർട്ട് കൊച്ചി വില്ലേജിൽ സർവ്വെ നം.8-ൽ പാർട്ട് 1174, 1175 എന്നിവയിൽപ്പെട്ട 1.29 ഏക്കർ സർക്കാർ ഭൂമിയും അതിൽ സ്ഥിതി ചെയ്യുന്ന ആസ്പിൻവാൾ കെട്ടിടവും കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷന് ആറാമത് ബിനാലെ എഡിഷൻ നടത്തുന്നതിന് പാട്ടത്തിന് അനുവദിക്കുന്നതിനായി സമർപ്പിച്ച പരാമർശം (3) -ലെ അപേക്ഷ പരാമർശം (5) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയുണ്ടായി.

2) പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം ബിനാലെയ്ക്ക് അനുവദിക്കുന്ന ഭൂമിയ്ക്ക് ഓരോ തവണയും പാട്ടത്തുകയിൽ 10% വർദ്ധനവ് വരുത്തണമെന്ന് നിഷ്കർഷിച്ചിരുന്നു. 01/09/2025- മുതൽ 30/04/2026- വരെയാണ് പാട്ടത്തിനായി അപേക്ഷ സമർപ്പിച്ചിരിയ്ക്കുന്നത്. കഴിഞ്ഞ പാട്ടത്തുകയുടെ 10% വർദ്ധനവ് ഉൾപ്പെടെ പ്രതിമാസം 2,42,000/- രൂപ (രണ്ട് ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) പാട്ടത്തുക നിശ്ചയിയ്ക്കാവുന്നതാണെന്ന്

ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ ഫോർട്ട് കൊച്ചി വില്ലേജിൽ സർവ്വെ നം.8-ൽ പാർട്ട് 1174, 1175 എന്നിവയിൽപ്പെട്ട 1.29 ഏക്കർ സർക്കാർ ഭൂമിയും അതിൽ സ്ഥിതി ചെയ്യുന്ന ആസ്പിൻവാൾ കെട്ടിടവും കൊച്ചി മുസിരിസ് ബിനാലെയുടെ ആറാമത് എഡിഷൻ നടത്തുന്നതിലേയ്ക്കായി പ്രതിമാസം 2,42,000/- രൂപ (രണ്ട് ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) പാട്ട തുക നിശ്ചയിച്ച് ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 01/09/2025 മുതൽ 30/04/2026 വരെ കൊച്ചി മുസിരിസ് ബിനാലെ ഫൗണ്ടേഷനു പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

1) ഈ അനുവാദം 01/09/2025 മുതൽ 30/04/2026 വരെ മാത്രമായിരിക്കും.

2) പാട്ടത്തുക പ്രതിമാസം 2,42,000/- രൂപ (രണ്ട് ലക്ഷത്തി നാൽപ്പത്തി രണ്ടായിരം രൂപ മാത്രം) ബിനാലെ ഫൗണ്ടേഷൻ കൃത്യമായി അടയ്ക്കേണ്ടതും ഇക്കാര്യം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3) പാട്ടത്തുകയിൽ ഓരോ എഡിഷനും 10% വർദ്ധനവ് വരുത്തി ഈടാക്കേണ്ടതാണ്.

4) ഒരു തവണ പാട്ടം അടയ്ക്കാതെ വന്നാൽ അടുത്ത തവണ പാട്ടം അനുവദിക്കേണ്ടതില്ല.

5) പാട്ട ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

6) അനുവദിച്ച സമയത്തിനു ശേഷം സ്ഥലം നിരുപാധികം വിട്ടൊഴിഞ്ഞ് നൽകേണ്ടതും ഉടൻ തന്നെ ജില്ലാ കളക്ടർ ഭൂമി ഏറ്റെടുക്കേണ്ടതുമാണ്.

7) ഉപയോഗശേഷം സ്ഥലം ബിനാലെ ഫൗണ്ടേഷൻ തന്നെ പൂർവ്വസ്ഥിതിയിലാക്കേണ്ടതും അല്ലാത്ത പക്ഷം നഷ്ടപരിഹാരം ഈടാക്കേണ്ടതുമാണ്.

4) എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ANU S NAIR I A S

DEPUTY SECRETARY

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
2. ജില്ലാ കളക്ടർ, എറണാകുളം
3. പ്രസിഡണ്ട് , കൊച്ചി ബിനാലെ ഫൗണ്ടേഷൻ.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ(എ3/77/2023/റവ)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 16-12-2025 16:06:09

സെക്ഷൻ ഓഫീസർ